"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊല്ലം നഗരസഭയുടെ ശക്തികുളങ്ങര സോണൽ ഓഫീസിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2602/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/12/2021

---

പരാമർശം:-
1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25.08.2012 തീയതിയിലെ ഇ2(എസ്.സി.04/2012/കെഎൽഎം) പാർട്ട് III 20650/2012 നമ്പർ കത്ത്
2. 03.12.2013തീയതിയിലെ 3974/ഇയു2/13-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ
3. നഗരകാര്യ ഡയറക്ടറുടെ 12.04.2021 തീയതിയിലെ വി1- 21585/2013 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ "ഓപ്പറേഷൻ ട്ട ടയർ" എന്ന നാമധേയത്തിൽ 27/02/2012 ൽ കൊല്ലം നഗരസഭയുടെ ശക്തികുളങ്ങര സോണൽ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ ഡി&ഒ ലൈസൻസിനുള്ള അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിച്ചിട്ടില്ലാത്തതായും ജീവനക്കാർ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൈവശമുള്ള പണം രേഖപ്പെടുത്താത്തതായും കണ്ടെത്തിയതിനാൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ചുവടെ പറയുന്ന ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു.

1. ശ്രീമതി.അന്നമ്മ എം.ജെ,സീനിയർ ക്ലാർക്ക്
2. ശ്രീമതി.ധന്യ സി.ജി, എൽ.ഡി.സി/ബി.സി
3. ശ്രീമതി.സാവിത്രി അമ്മ,എൽ.ഡി.സി/ബി.സി
4 ശ്രീ.രാജേന്ദ്രൻ നായർ,ഓഫീസ് അറ്റൻഡന്റ്
5 ശ്രീ.രാജീവ് കുമാർ ആർ,ജെ.എച്ച്.ഐ. ഗ്രേഡ്-1
6 ശ്രീ.വി.ശിവാനന്ദൻ,സൂപ്രണ്ട്
7 ശ്രീ.മനോജ് കുമാർ,ബി റവന്യൂ ഇൻസ്പെക്ടർ
8 ശ്രീ.രാജേന്ദ്രബാബു,കെ.ആർ എച്ച്.ഐ. ഗ്രേഡ്-1

9 ശ്രീ.സുരേഷ് ബാബു പി,ജെ.എച്ച്.ഐ. ഗ്രേഡ്-1

10 ശ്രീ.സജി വി,ബിൽ കളക്ടർ

11 ശ്രീ.യോഹന്നാൻ എ, ഡ്രൈവർ

2. പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ടി ജീവനക്കാർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടിയാളുകളുടെ ഭാഗത്ത് നിന്നുമുള്ള മനഃപൂർവ്വമല്ലാത്ത തെറ്റ് മാപ്പാക്കി മേൽ നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിച്ചിരുന്നു.

3. കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരിശോധനാറിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം നഗരകാര്യഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, പരാമർശിത ജീവനക്കാരുടെ മറുപടികൾ പരിഗണിക്കാവുന്നതാണെന്നും തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് കൊല്ലം നഗരസഭാ അഡീഷണൽ സെക്രട്ടറി അഭിപ്രായപ്പെട്ടിട്ടുള്ളതായി അറിയിക്കുന്നു. കൂടാതെ ശ്രീമതി.സാവിത്രി അമ്മ, ശ്രീ.ജി.രാജേന്ദ്രൻ നായർ, ശ്രീ.വി.ശിവാനന്ദൻ, ശ്രീ.യോഹന്നാൻ.എ എന്നിവർ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

4. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, കൊല്ലം നഗരസഭ ശക്തികുളങ്ങര സോണൽ ഓഫീസിലെ 9 ജീവനക്കാർ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൈവശമുള്ള തുക എഴുതാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് അഭിലഷണീയമല്ലാത്തതും ഡി&ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ഭൂരിഭാഗവും സർട്ടിഫിക്കറ്റ് അനുവദിക്കാതെ ശേഷിച്ചിട്ടുള്ളത് ഒട്ടും ഹിതകരമല്ലാത്തതുമാണ് എന്നും ഓഫീസിൽ പ്രവേശിച്ചാലുടൻ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൈവശമുള്ള തുക രേഖപ്പെടുത്തണമെന്നിരിക്കെ ആയതിൽ അലംഭാവം കാണിച്ചിട്ടുള്ളത് അനുകൂലിക്കാനാവാത്തതാണ് എന്നും അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ ഡി&ഒ ലൈസൻസിനുള്ള അപേക്ഷകളിൽ മതിയായ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ജീവനക്കാർ വിവരിച്ചിട്ടുള്ളത് പരിഗണിക്കാവുന്നതാണ് എന്നും ലൈസൻസിനായി അപേക്ഷിച്ച ശേഷം ലൈസൻസ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് വരുന്നവരുടെ എണ്ണം കുറവാണെന്നത് അംഗീകരിക്കാവുന്നതാണ് എന്നും മതിയായ ഫീസ് അടച്ച് ഒരു മാസം കഴിഞ്ഞാൽ സ്വാഭാവികമായും അപേക്ഷകർ ലൈസൻസിനായി മാറും എന്ന് വ്യവസ്ഥയുള്ളതിനാലാണ് നേരിട്ട് സർട്ടിഫിക്കറ്റ് വാങ്ങാൻ എത്താത്തതെന്ന് മനസ്സിലാക്കുന്നതായി അറിയിക്കുന്നു. ലൈസൻസ് സർട്ടിഫിക്കറ്റിൽ ലൈസൻസി ഒപ്പ് വയ്ക്കണമെന്നതിനാൽ പോസ്റ്റൽ മുഖാന്തിരം സർട്ടിഫിക്കറ്റ് അയച്ചു കൊടുക്കുവാൻ സാധിക്കാത്തതാണെന്ന വസ്തുത പരിഗണിക്കാവുന്നതാണ് എന്നും എന്നാൽ ലൈസൻസ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് യുക്തമായ നടപടി അനിവാര്യമാണ് എന്നും അറിയിച്ചിരുന്നു.

5. മേൽ പരാമർശിത ജീവനക്കാരിൽ ശ്രീ.ജി.രാജേന്ദ്രൻ നായർ 31/05/2020 ലും ശ്രീമതി.ഇ.സാവിത്രി അമ്മ 30/11/2012 ലും ശ്രീ.വി.ശിവാനന്ദൻ 30/11/2013 ലും ശ്രീ.യോഹന്നാൻ.എ 31/08/2013 ലും സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള സാഹചര്യത്തിൽ മാനുഷിക പരിഗണന നൽകി ടിയാളുകൾക്കെതിരായ അച്ചടക്ക നടപടികളിൽ തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ ശരിയാം വിധം തീർപ്പാക്കാത്ത ശ്രീ.രാജീവ് കുമാർ.ആർ, ശ്രീ.രാജേന്ദ്രബാബു കെ.ആർ, ശ്രീ.സുരേഷ് ബാബു.പി. എന്നീ ജീവനക്കാർക്കെതിരായ പരാമർശങ്ങൾ ഓഫീസ് പ്രവർത്തനങ്ങളുടെ പ്രായോഗികതയും കീഴ്വഴക്കവും പരിഗണിച്ച് ഒഴിവാക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ അഭിപ്രായപ്പെടുന്നു. എന്നാൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്താത്ത ജീവനക്കാരായ

ശ്രീമതി.അന്നമ്മ എം.ജെ, ശ്രീമതി.ധന്യ സി.ജി, ശ്രീ.മനോജ് കുമാർ ബി, ശ്രീ.രാജേന്ദ്രബാബു കെ.ആർ, ശ്രീ.സജി.വി. എന്നിവർക്കെതിരെ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം കുറ്റാരോപണമെമ്മോ, ജീവനക്കാരുടെ പ്രതിവാദപത്രിക, കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട്, നഗരകാര്യഡയറക്ടറുടെ ശുപാർശ എന്നിവ പ്രകാരം പരിശോധിച്ചു. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള ജീവനക്കാർക്കെതിരെ ഗുരുതരമായ ആരോപണങ്ങൾ അല്ല എന്ന് കാണുന്നു. എന്നാൽ ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ ശരിയാം വിധം തീർപ്പാക്കിയില്ല എന്നത് സംബന്ധിച്ച് ഡി&ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ഭൂരിഭാഗവും സർട്ടിഫിക്കറ്റ് അനുവദിക്കാതെ ശേഷിച്ചിട്ടുള്ളത് ഒട്ടും ഹിതകരമല്ലാത്തതാണ്. കൂടാതെ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്താത്തത് ജീവനക്കാരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായും കാണുന്നു.

7. മേൽ സാഹചര്യത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കൊല്ലം നഗരസഭയുടെ ശക്തികുളങ്ങര സോണൽ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ടി ഓഫീസിലെ ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി, സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള ശ്രീ.ജി.രാജേന്ദ്രൻ നായർ, ശ്രീമതി.ഇ.സാവിത്രി അമ്മ, ശ്രീ.വി.ശിവാനന്ദൻ, ശ്രീ.യോഹന്നാൻ.എ എന്നിവർക്കെതിരായ അച്ചടക്ക നടപടികളിൽ തുടർനടപടികൾ ഒഴിവാക്കിയും, ശ്രീ.രാജീവ് കുമാർ.ആർ, ശ്രീ.രാജേന്ദ്രബാബു കെ.ആർ, ശ്രീ.സുരേഷ് ബാബു.പി. എന്നീ ജീവനക്കാരുടെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് സഞ്ചിതഫല പ്രാബല്യത്തോടെ അല്ലാതെ തടഞ്ഞുകൊണ്ടും, ശ്രീമതി.അന്നമ്മ എം.ജെ, ശ്രീമതി.ധന്യ സി.ജി, ശ്രീ.മനോജ് കുമാർ ബി, ശ്രീ.സജി.വി. എന്നിവർക്ക് 'സെൻഷ്വർ" നൽകിയും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നഗരകാര്യഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ്
(02.11.2021തീയതിയിലെ VIG-D1/181/2021-VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ